"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 136 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റെഗുലേഷൻസ് 62, 63-ൽ വ്യതിയാനം അനുവദിച്ച് ശിരോപരി ലൈനിന് താഴെ ഗാർഹിക ആവശ്യത്തിന് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4/2026/POWER തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. സെൻട്രൽ ഇലക് ടിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ റെഗുലേഷൻസ് 2023.
2. സ.ഉ.(എം.എസ്) നം. 7/2024/പവർ തീയതി: 21.10.2024.
3. ശിരോപരി ലൈനിന് അടിയിൽ കെട്ടിട നിർമ്മാണത്തിന് വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 09.06.2025 തീയതിയിലെ യോഗ നടപടിക്കുറിപ്പ്.
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 30.07.2025, 10.10.2025, 13.11.2025 തീയതികളിലെ സി.ഇ.ഐ./5751/2024-ബി4 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 എന്നിവ പ്രകാരം ശിരോപരി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൂർണ്ണമായും നിരോധനം ഉണ്ടെങ്കിലും റെഗുലേഷൻ 136 പ്രകാരം വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ പരാമർശം (3)ലെ യോഗതീരുമാനം പ്രകാരം മേൽ റെഗുലേഷൻസിലെ റെഗുലേഷൻ 63-ൽ അനുശാസിക്കുന്ന ലംബ അകലം ഉള്ളതും ഗാർഹിക ആവശ്യത്തിനുള്ളതുമായ കെട്ടിട നിർമ്മാണത്തിനായുള്ള

3 5 അപേക്ഷകർക്ക് റെഗുലേഷൻസ് 62, 63-ൽ വ്യതിയാനം അനുവദിച്ച് അനുമതി നൽ കുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 4. പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | ജില്ല | ലൈനും ലൈനിൽ നിന്നുള്ള ലംബ അകലവും |
|---|---|---|---|
| 1 | ശ്രീ.അബ്ദുൾ അസീസ് എം.എം | എറണാകുളം | 220 കെ.വി, 10.5 മീ |
| 2 | ശ്രീ.നിസാർ. വി.റ്റി | കോഴിക്കോട് | 220 കെ.വി, 6.22 മീ |
| 3 | ശ്രീമതി. സീത & ശ്രീ.ദിലീഷ് ദാസ് | പാലക്കാട് | 220 കെ.വി. 9.83 മീ |
| 4 | ശ്രീ. ഷിബാസ്. കെ.എ | എറണാകുളം | 220 കെ.വി, 11.14 മീ |
| 5 | ശ്രീ.ജെയിംസ്.വി.ജെ | ആലപ്പുഴ | 66കെ.വി, 13.45മീ |
| 6 | ശ്രീ.ടി. വേൽമുരുകൻ | എറണാകുളം | 66കെ.വി, 6.55മീ |
| 7 | ശ്രീ.ബാബു.എം.ആർ | ഇടുക്കി | 220കെ.വി, 9.76മീ |
| 8 | ശ്രീമതി.ബീന.വി | എറണാകുളം | 66കെ.വി, 10.75മീ |
| 9 | ശ്രീ.സുരേഷ്.ഇ | കോഴിക്കോട് | 220കെ.വി,13.35മീ |
| 10 | ശ്രീമതി. സരോജ.സി | പാലക്കാട് | 110കെ.വി,5.45മീ |
| 11 | ശ്രീമതി.സരസ്വതി അന്തർജനം | തിരുവനന്തപുരം | 110 കെ.വി, 11.65മീ |
| 12 | ശ്രീ.അലൻരാജ്.വി.ജെ | തിരുവനന്തപുരം | 110കെ.വി,5.03 മീ |
| 13 | ശ്രീമതി.ലാലി സതീശൻ | തിരുവനന്തപുരം | 66കെ.വി.10.8മീ |
| 14 | ശ്രീമതി.ശ്രീലത.എം | തിരുവനന്തപുരം | 220കെ.വി,19.55മീ |
| 15 | ശ്രീമതി. സജീല | തിരുവനന്തപുരം | 220കെ.വി, 7.76മീ |
| 16 | ശ്രീമതി.മഞ്ജു.ആർ | തിരുവനന്തപുരം | 110കെ.വി, 7.9മീ |
| 17 | ശ്രീമതി.സുനിത കുഞ്ഞുമുഹമ്മദ് | എറണാകുളം | 110കെ.വി, 10.55മീ |
| 18 | ശ്രീ.ബിനോദ്.എസ് | ആലപ്പുഴ | 110കെ.വി-16.15മീ 220കെ.വി-30.15മീ |
| 19 | ശ്രീമതി. അനിത അശോകൻ | ആലപ്പുഴ | 110കെ.വി,8.91മീ |
| 20 | ശ്രീ.പ്രശാന്ത് & ശ്രീമതി.ഗീത | ആലപ്പുഴ | 110 കെ.വി,7.56മീ |
| 21 | ശ്രീ.ജോണി.എസ് | ആലപ്പുഴ | 66 കെ.വി, 5.7മീ |
| 22 | ശ്രീ.അനൂപ്.ടി.എം & ശ്രീമതി.സുറുമി അനൂപ് | എറണാകുളം | 110കെ.വി-5.95മീ 220കെ.വി-19.95മീ |
| 23 | ശ്രീമതി.ജിൻസി | തൃശ്ശൂർ | 110കെ.വി, 10.75മീ |
| 24 | ശ്രീമതി. ആനി ജോർജ്ജ് | എറണാകുളം | 110കെ.വി, 6.1 മീ |
| 25 | ശ്രീ.സുലൈമാൻ.ടി.കെ | കോഴിക്കോട് | 220കെ.വി, 9.69മീ |
| 26 | ശ്രീമതി. ആമിന.പി.കെ | കോഴിക്കോട് | 220കെ.വി, 24.85 മീ |
| 27 | ശ്രീ.റിഷാദ് മോൻ ബി.പി | മലപ്പുറം | 220കെ.വി(EHT) 24.85 മീ |
| 28 | ശ്രീ.പി.എം.പ്രസന്നകുമാർ | കോട്ടയം | 66കെ.വി,7.55മീ |
| 29 | ശ്രീ.രാജ | ആലപ്പുഴ | 66കെ.വി, 9.20മീ |
| 30 | ശ്രീമതി. ഫാത്തിമ ഉമ്മർ | എറണാകുളം | 110കെ.വി, 8.49മീ |
| 31 | ശ്രീമതി. മേരി മിന്റ | എറണാകുളം | 66കെ.വി, 5.05മീ |
| 32 | ശ്രീ.റിജാസ്.പി.എ & | എറണാകുളം | 220കെ.വി, 11.35മീ |

| | | | |
|---|---|---|---|
| | ശ്രീമതി. ആമിന പി.എ | | |
| 33 | ശ്രീ.അബ്ദുൾ ബാസിത്.പി.എ | ഇടുക്കി | 220കെ.വി, 14.65മീ |
| 34 | ശ്രീമതി.ഓമന സിബി | ഇടുക്കി | 66കെ.വി, 11.94മീ |
| 35 | ശ്രീ. അജിത്.ആർ.സേനൻ | തിരുവനന്തപുരം | 66കെ.വി,6.45മീ |

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് **2023**-ലെ റെഗുലേഷൻ **62, 63** എന്നിവ പ്രകാരം ശിരോപരി ലൈനിനടിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൂർണ്ണമായും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി റെഗുലേഷനിലെ റെഗുലേഷൻ **136 (1)** പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റെഗുലേഷൻ **65**-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിച്ചു കൊണ്ട് ടി റെഗുലേഷൻസ് അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തി, റെഗുലേഷൻ **63** അനുശാസിക്കുന്ന ലംബഅകലം ഉള്ളതും ഗാർഹിക ആവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന മേൽ പട്ടികയിലെ അപേക്ഷകർ ക്ക് ശിരോപരി ലൈനിന് താഴെ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** ശിരോപരി ലൈനുകൾക്ക് അടിയിൽ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുന്ന അപേക്ഷകർ പരാമർശം **(1)** റെഗുലേഷൻസ്-ലെ റെഗുലേഷൻ **65**-ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിക്കുകയും ടി റെഗുലേഷൻ അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തുകയും ചെയ്തിട്ടുണ്ടോ / ചെയ്യുന്നുണ്ടോ എന്ന വിഷയം ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കർശനമായും ഉറപ്പു വരുത്തേണ്ടതാണ്.

**4.** ശിരോപരി വൈദ്യുതി ലൈനിന്റെ താഴെ കെട്ടിട നിർമ്മാണം നടത്തുന്നത് സ്ഥലം ഉടമയുടെ/കെട്ടിടം നിർമ്മിക്കുന്ന വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ആണെന്നും ഇപ്രകാരം ഭാവിയിൽ കെട്ടിടം ഉപയോഗിക്കുന്ന അവസരത്തിൽ ഈ ലൈൻ നിമിത്തം ജീവനോ സ്വത്തിനോ പിന്നീട് എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടാകുന്ന പക്ഷം യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും വൈദ്യുതി വിതരണ കമ്പനിക്കോ വൈദ്യുതി ലൈനിന്റെ ഉടമയ്ക്കോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിനോ പരാമർശം **(2)** പ്രകാരം രൂപികരിച്ച കമ്മിറ്റിക്കോ ഇക്കാര്യത്തിൽ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ലെന്നും ഈ വിഷയം സംബന്ധിച്ച് സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പോ വൈദ്യുതി വിതരണ കമ്പനികളോ

കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതാണെന്നുമുള്ള സത്യപ്രസ്താവന ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അപേക്ഷകനിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.മനോജ് കുമാർ
ജോയിന്റ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ബന്ധപ്പെട്ട ജില്ലകൾ (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ, കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ)വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Manoj S**
**Date: 05-01-2026 11:08:42**

സെക്ഷൻ ഓഫീസർ